പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **851** 30/06/2011 ൽ മറുപടിയ്ക്ക്

'റീസർവ്വേ പൂർത്തീകരണം'

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ലൂഡി ലൂയിസ്:<br>ശ്രീ. വി. ഡി. സതീശൻ:<br>ശ്രീ. എം. പി. വിൻസെന്റ്: | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ റീസർവ്വെ എന്നാണ് പൂർത്തിയാക്കേണ്ടത്; റീസർവ്വേ ആരംഭിച്ചിട്ട് എത്ര കാലമായി; | (എ) 06/10/1965 ലെ ജി.ഒ.(എം. എസ്സ്) 781/65/ആർ.ഡി. നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് റീ-സർവെ ആരംഭിച്ചു. നാലാം പഞ്ചവത്സര പദ്ധതി കാലഘട്ടത്തിൽ 11,300 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണം വരുന്ന പ്രദേശത്തിന്റെ റീ-സർവ്വേ പൂർത്തിയാക്കണെമെന്നായിരുന്നു ഉത്തരവ് |
| (ബി) ഇതിനു വേണ്ടി എന്തു തുക ഇതുവരെ ചെലവഴിച്ചു; | (ബി) റീ സർവ്വേ സംബന്ധിച്ച സാങ്കേതിക ആവശ്യങ്ങൾക്കായി 45,234.99 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഭൂമികേരളം പദ്ധതിയിൻ കീഴിൽ മലപ്പുറം, തിരുവനന്തപുരം, കണ്ണൂർ, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിലെ റീസർവ്വേ പ്രവർത്തനങ്ങൾക്കായി നാളിതുവരെ ആകെ 1,54,69,278/- രൂപ (ഒരു കോടി അമ്പത്തിനാല് ലക്ഷത്തി അറുപത്തി ഒൻപതിനായിരത്തി ഇരുന്നൂറ്റി എഴുപത്തി എട്ട് രൂപ മാത്രം) ചെലവായിട്ടുണ്ട്. |
| (സി) ഇനി എത്ര താലൂക്കുകളിലെ എത്ര വില്ലേജുകളിലാണ് റീസർവ്വെ പൂർത്തിയാക്കാനുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) ഇനി 32 താലൂക്കുകളിൽപ്പെട്ട 520 വില്ലേജുകളുടെ റീ-സർവ്വേ പൂർത്തിയാക്കുവാനുണ്ട്. 11 താലൂക്കുകളിൽ റീ-സർവ്വേ ആരംഭിച്ചിട്ടില്ല. ഈ താലൂക്കുകളിൽ 343 വില്ലേജുകൾ ആണ് ഉള്ളത്. |

സെക്ഷൻ ഓഫീസർ